malayalee.com

# ഇന്ത്യൻ രാഷ്ട്രപിതാവിന് ഡാലസിൽ പുഷ്പാഞ്ജലി

AMERICA • 05-Feb-2018 പി.പി.ചെറിയാൻ



ഇർവിംഗ് (ഡാലസ് ): ഇന്ത്യൻ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വദിനമായ ജനുവരി 30ന് ഡാലസ് ഫോർട്ട് വർത്തിലെ ഇന്ത്യൻ പൗരാവലി മഹാത്മാ ഗാന്ധി പ്രതിമയ്ക്ക് മുമ്പിൽ പുഷ്പാഞ്ജലി അർപ്പിച്ചു.

എഴുപതാമത് രക്തസാക്ഷിത്വ ദിനത്തിൽ ഇർവിംഗ് മഹാത്മാഗാന്ധി പാർക്കിൽ സംഘടിപ്പിച്ച ചടങ്ങിൽ എ.പി.നഗ്രിത്ത് ' രഘുപതി രാഘവ രാജാറാം' എന്ന കീർത്തനം ആലപിച്ചു.

ആയുധം എടുക്കാതെ സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരേ നിരന്തരം സമരം നടത്തി ഇന്ത്യൻ സ്വാതന്ത്ര്യം ഒരു യാഥാർത്ഥ്യമാക്കിയ മഹാത്മാ ഗാന്ധിയുടെ മാതൃക ഇന്നത്തെ കാലഘട്ടത്തിലും അനുകരണീയമാണെന്ന് മഹാത്മാ ഗാന്ധി മെമ്മോറിയൽ ചെയർമാൻ ഡോ. പ്രസാദ് തോട്ടക്കുറ പറഞ്ഞു.

ആധുനിക യുഗത്തിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു സന്ദേശം കൈമാറുക എന്നത് വളരെ എളുപ്പമാണെങ്കിൽ ദശാബ്ദങ്ങൾക്കു മുമ്പ് മഹാത്മജിയുടെ സന്ദേശം ലക്ഷകണക്കിന് ജനങ്ങളിൽ (ഇന്ത്യയിലും വിദേശത്തും) എങ്ങനെ എത്തിക്കാൻ കഴിഞ്ഞു എന്നത് മഹാത്മജിയെ ലോകജനത എത്രമാത്രം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്നുവെന്നതിന് തെളിവാണെന്നും ഡോ.പ്രസാദ് പറഞ്ഞു.

എഴുപതാം വയസ്സിൽ മഹാത്മജി  ലോകത്തോട് വിട പറഞ്ഞുവെങ്കിലും ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നുവെന്ന് എം.ജി.എം.എൻ.ടി ബോർഡ് ഡയറക്ടർ കമാൽ പറഞ്ഞു. ശബ്നം, റാവു കൽവാല തുടങ്ങിയവരും അനുസ്മരണ പ്രസംഗങ്ങൾ നടത്തി.






Mahatma Gandhi
Thomas Jefferson


Mahatma Gandhi Memorial

